ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയം
വഞ്ചിയൂർ പി ഒ, തിരുവനന്തപുരം പിൻ – 695035 ഇ മെയിൽ: dhskerala.hlth@kerala.gov.in
വെബ്സൈറ്റ് : www.dhs.kerala.gov.in ഫോൺ. 0471-2302490, 2303025

---

**തിരുവനന്തപുരം, ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡീഷണൽ ഡയറക്ടറുടെ (എ & റ്റി) നടപടിക്രമം**

വിഷയം:- ആരോഗ്യവകുപ്പ് – ശ്രീമതി. ഷക്കീല. എൻ. ബി, ജെപിഎച്ച്എൻ ഗ്രേഡ് 2, പിഎച്ച്സി, കാവനൂർ, മലപ്പുറം- ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിലേയക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-
1. സ. ഉ. (സാധാ) നം. 1662/2017/ആകുവ തീയതി. 14.06.2017
2. ഉത്തരവ് നം FW(Spl Cell) 61647/2007/DHS തീയതി. 10.08.2009
3. കത്ത് നം ആവഡ/17986/2023/ഇഎസ്5 തീയതി. 19.09.2023
4. നം. DMOH-MLPM/4520/2023-A4 തീയതി. 27.11.2023
5. സർക്കുലർ No. 72/2005/Fin dated. 30/12/2005

**ഉത്തരവ് നം. DHS/12345/2023-FWA4-Part(2) തീയതി. 01-08-2024**

21.01.1994 മുതൽ 31-12-2006 വരെയുള്ള കാലയളവിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് II തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക മേൽ പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ടി സീനിയോറിറ്റി പട്ടികയിൽ ഉൾപ്പെടുത്തുന്നതിനായി മലപ്പുറം കാവനൂർ പിഎച്ച്സിയിൽ ജെപിഎച്ച്എൻ ഗ്രേഡ് 2 തസ്തികയിൽ ജോലി ചെയ്യുന്ന ശ്രീമതി ഷക്കീല. എൻ. ബി സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പട്ടികയിൽ 1489 എന്ന റാങ്ക് അനുവദിച്ച് ഉത്തരവായിരുന്നതായി പരാമർശം (3) പ്രകാരം അറിയിച്ചിരുന്നു. ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് 1 തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് ശ്രീമതി. ഷക്കീല. എൻ. ബി സമർപ്പിച്ച അപേക്ഷ പരാമർശം (4) പ്രകാരം ലഭ്യമാക്കിയിരുന്നു.

ആയതിനാൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ് ഗ്രേഡ് I തസ്തികയിൽ നിലവിലുള്ള ഒഴിവിലേയ്ക്ക് ശ്രീമതി ഷക്കീല. എൻ. ബി (പെൻ 339548), പിഎച്ച്സി കാവനൂർ മലപ്പുറം ന് 37400-79000 എന്ന ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി മലപ്പുറം ജില്ലയിൽ നിയമിക്കുന്നതിനായി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സമയബന്ധിത ഹയർഗ്രേഡ് ലഭിച്ചിട്ടുള്ളതിനാൽ യാതൊരു കാരണവശാലും സ്ഥാനക്കയറ്റം പരിത്യജിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല. സ്ഥാനക്കയറ്റം നൽകിയ ജീവനക്കാരിയ്ക്ക് മലപ്പുറം ജില്ലാ മെഡിക്കൽ ഓഫീസർ നിയമന ഉത്തരവ് നൽകേണ്ടതാണ്.

വിവരശേഖരണം നടത്തിയ സമയത്ത് ടിയാരി ജോലി ചെയ്തിരുന്ന സ്ഥാപനമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. അതിനുശേഷം സ്ഥാപനം മാറ്റിയിട്ടുണ്ടെങ്കിൽ ജില്ലാ മെഡിക്കൽ ഓഫീസർ ജീവനക്കാരിയെ വിടുതൽ ചെയ്യുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട സ്ഥാപനമേധാവിയ്ക്ക് / ജീവനക്കാരിയ്ക്ക് നൽകേണ്ടതാണ്. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ടി ഉത്തരവിന്റെ പകർപ്പ് ഔദ്യോഗിക ആവശ്യങ്ങൾക്കായി ഉപയോഗിക്കാവുന്നതാണ്.

Signed by
Jayasree V
Date: 01-08-2024 17:16:38

DR. JAYASREE V,
ADDITIONAL DIRECTOR OF HEALTH SERVICES

സ്വീകർത്താവ്,

1. ജില്ലാ മെഡിക്കൽ ആഫീസർ (ആഫീസർ)
മലപ്പുറം.

2.ബന്ധപ്പെട്ട സ്ഥാപന മേധാവിയ്ക്ക് (സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള ജീവനക്കാരിയെ നിയമന ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് പകരക്കാരെ കാത്തുനിൽക്കാതെ വിടുതൽ ചെയ്യേണ്ടതാണ്)

3. ബന്ധപ്പെട്ട ജീവനക്കാരിയ്ക്ക്

പകർപ്പ്,

1. ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഔദ്യോഗിക വെബ്സൈറ്റ്
2. ഫയൽ.